വരുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. 1214 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും പരിശോധന പൂർത്തിയായിട്ടുണ്ട്. ഇവയുടെ തരംതിരിച്ചുള്ള വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനു വേണ്ടി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മിഷനെ നിയമിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ അന്തിമ റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടില്ല. കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടി കൈക്കൊള്ളുന്നതാണ്.

പഞ്ചായത്തുകളുടെ പെർഫോർമൻസ് ഓഡിറ്റ്

97 (2895) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി നിലവിൽവന്നശേഷം ഇതിനകം സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളുടെ പെർഫോർമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) ഈ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ടുകളിൽമേലുള്ള പരിശോധനയ്ക്കുവേണ്ടി തദ്ദേശ സ്വയംഭരണവകുപ്പ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓരോവട്ടം പെർഫോർമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(ബി) ഓഡിറ്റ് റിപ്പോർട്ടുകളുടെ പരിശോധനയ്ക്കുവേണ്ടി തദ്ദേശഭരണ വകുപ്പിൽ പുതിയതായി ഒരു സെക്ഷൻ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലെ പോരായ്മകൾ

98 (2896) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലെ എന്തെല്ലാം പോരായ്മകളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(ബി) ഈ പോരായ്മകൾ പരിഹരിക്കുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly